നം. സി.ഇ.ഇ/1515/2011/കെഇഎഎം-2012/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**<u>വിജ്ഞാപനം</u>**

## 2012 ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ്

2012 ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്കുള്ള അലോട്ട്മെന്റ് നടപടിക്രമങ്ങൾ **14.09.2012** ന് ആരംഭിക്കുന്നതാണ്. ഈ അലോട്ടുമെന്റിൽ വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോഴ്സുകളിലേയ്ക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും **സെപ്റ്റംബർ 14, 15 തീയതികളിൽ www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്. **15.09.2012** വൈകുന്നേരം 5 മണി വരെ നിലവിലുള്ള ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **17.09.2012**ന് **അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്.**

സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് / ആർക്കിടെക്ച്ചർ കോളേജുകളിലെ അലോട്ട്മെന്റ് നടപടിക്രമങ്ങൾ നാലാം ഘട്ട അലോട്ട്മെന്റോടെ അവസാനിച്ചു. ഈ കോളേജ്/ കോഴ്സുകളിലേക്ക് ഇനി അലോട്ട്മെന്റ് ഉണ്ടായിരിക്കുന്നതല്ല.

ഈ അലോട്ടുമെന്റ് പ്രകാരം പുതുതായി അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ/ കോളേജ് മാറ്റം ലഭിക്കുന്ന വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ **സെപ്റ്റംബർ 18,19 തീയതികളിൽ** ഫീസ്/അധിക ഫീസ് ഒടുക്കി **സെപ്റ്റംബർ 18,19 തീയതികളിൽ** തന്നെ അതതു കോളേജുകളിൽ ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. SBT ശാഖകളുടെ ലിസ്റ്റ് വെബ് സൈറ്റിൽ ലഭ്യമാണ്.

**<u>ഇതുവരെ ലഭിച്ച അഡ്മിഷൻ തൃപ്തികരമാണെങ്കിൽ അവരവരുടെ ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യേണ്ടതാണ്. ഹയർ ഓപ്ഷൻ റദ്ദ് ചെയ്യാനുള്ള അവസരം വിദ്യാർത്ഥികളുടെ ഹോം പേജിലൂടെ മാത്രമേ ലഭ്യമാവുകയുള്ളൂ.</u>**

**അലോട്ടുമെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു:**

| | |
|---|---|
| 14.09.2012 | നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോഴ്സുകളിലേയ്ക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു |
| 15.09.2012 വൈകുന്നേരം 5 മണി | ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു |
| **17.09.2012** | **അലോട്ടുമെന്റ്** |
| 18.09.2012, 19.09.2012 | അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ ഫീസ്/അധിക ഫീസ് ഒടുക്കണം |
| 18.09.2012, 19.09.2012 | അലോട്ട്മെന്റ് ലഭിച്ച് ഫീസ് ഒടുക്കിയ വിദ്യാർത്ഥികൾ അതതു കോളേജുകളിൽ ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. |
| 20.09.2012 വൈകുന്നേരം 5 മണി | കോളേജ് അധികാരികൾ നോൺ ജോയിനിംഗ് റിപ്പോർട്ട് സമർപ്പിക്കേണ്ട താണ്. |

**ഈ അലോട്ടുമെന്റിൽ താഴെ പറയുന്ന കോഴ്സുകളിലേക്ക് പുതുതായി ഓപ്ഷൻ നൽകാവുന്നതാണ് :**

**New Engineering Courses**

| | | |
|---|---|---|
| 1 | Govt. Engineering College, Sreekrishnapuram **(PKD)** | **ME** |
| 2 | Govt. Engineering College, Kozhikode **(KKE)** | **EC** |

**മുന്നറിയിപ്പ്:-** വിദ്യാർത്ഥികൾ ആവശ്യമില്ലാത്ത ഓപ്ഷനുകൾ നിലനിർത്തുകയോ, ആവശ്യമില്ലാത്ത പുതിയ ഓപ്ഷനുകൾ നൽകുകയോ ചെയ്യാൻ പാടുള്ളതല്ല. അലോട്ട്മെന്റ് ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികളും അതത് കോളേജ്/ കോഴ്സുകളിൽ നിർബന്ധമായും പ്രവേശനം നേടേണ്ടതാണ്. സ്വകാര്യ സ്വാശ്രയ മെഡിക്കൽ / ഡെന്റൽ കോളേജുകളിലേയ്ക്കുള്ള അലോട്ട്മെന്റ് ഈ ഘട്ടത്തോടെ അവസാനിക്കുകയാണ്. ആയതിനാൽ പ്രസ്തുത കോളേജുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ നിർബന്ധമായും അതത് കോളേജുകളിൽ അഡ്മിഷൻ നേടേണ്ടതാണ്. അഡ്മിഷൻ സ്വീകരിക്കാതെ സർക്കാർ സീറ്റുകൾ നഷ്ടപ്പെടുത്തിയാൽ അത്തരം വിദ്യാർത്ഥികൾ **പ്രോസ്പെക്ടസ് ക്ലോസ് 12.2.4** പ്രകാരമുള്ള പിഴ ഒടുക്കുവാൻ ബാധ്യസ്ഥരായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് **0471 2339101, 2339102, 2339103, 2339104** എന്നീ ഹെൽപ്പ് ലൈൻ നമ്പരുകളിലും **155300, 0471-2115054, 2115098, 2335523** എന്നീ സിറ്റിസൺ കാൾസെന്റർ നമ്പരുകളിലും ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
12.09.2012